# കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്

രണ്ടാം നില, നോർക്ക സെന്റർ ഗവ. ഗസ്റ്റ് ഹൗസിന് സമീപം
തൈക്കാട് പി.ഒ തിരുവനന്തപുരം - 695014
ടെലിഫോൺ: +471 2785500,2785507, ഫാക്സ്: 2785501
E-mail: info@pravasikerala.org www.pravasikerala.org

KNRKWB

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നടപടിക്രമം**

**(ഹാജർ: ശ്രീമതി.ഗീതാലക്ഷ്മി. എം. ബി)**

**ഉത്തരവ് നമ്പർ: KNRKWB/1006/2024-S18,തീയതി: 13-01-2025**

വിഷയം :- കേരള പ്രവാസി ക്ഷേമ ബോർഡ്- അംഗത്വ അപേക്ഷയോടൊപ്പം ആധാർ സമർപ്പിക്കാൻ കഴിയാത്ത പ്രവാസി കേരളീയൻ (വിദേശം-IA) വിഭാഗക്കാർ സമർപ്പിക്കേണ്ട സത്യപ്രസ്താവന – സംബന്ധിച്ച്

കേരള പ്രവാസി കേരളീയ ക്ഷേമ നിധിയിൽ അംഗത്വം എടുക്കുന്നതിന് ആധാർ നിർബന്ധമാക്കിയിട്ടുള്ള സാഹചര്യത്തിൽ പ്രവാസി കേരളീയൻ വിദേശം (1A) വിഭാഗത്തിൽ പെടുന്ന ചില അപേക്ഷകർക്കെങ്കിലും അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ആധാർ നൽകുവാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നതായി കാണുന്നു. ഇത്തരക്കാർക്കുകൂടി അപേക്ഷ സമർപ്പിക്കുവാൻ കഴിയുന്ന വിധത്തിൽ ആധാർ ഉടൻ സമർപ്പിച്ചുകൊള്ളാം എന്ന സത്യ പ്രസ്താവന കൂടി സമർപ്പിച്ച് അംഗത്വം എടുക്കുന്നതിനു അവസരം നല്കാവുന്നതാണെന്ന വിലയിരുത്തൽ ഉണ്ടായി.

മേൽ വിവരിച്ച സാഹചര്യത്തിൽ ആധാർ കാർഡ് എടുത്തിട്ടില്ലാത്തതും, ആയതു എടുക്കുന്നതിനു ഉടൻ സാധ്യമല്ലാത്തതുമായ അപേക്ഷകർക്ക് (IA വിഭാഗം മാത്രം) അംഗത്വ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ഉൾക്കൊള്ളിച്ചുള്ള സത്യപ്രസ്താവന ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു. എന്നാൽ ആധാർ കോപ്പി അപ്ലോഡ് ചെയ്ത് മാനദണ്ഡങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിന് അർഹത ഉണ്ടാവുകയുള്ളൂ എന്നും ഉത്തരവാകുന്നു.

Signed by
Geetha Lekshmi M B
Date: 13-01-2025 17:37:32

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്:

1. എല്ലാ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്കും
2. എല്ലാ ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും

3. ഐ ടി മാനേജർ, വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4. പബ്ളിക് റിലേഷൻസ് ഓഫീസർ, സോഷ്യൽ മീഡിയ പ്രസിദ്ധീകരിക്കുന്നതിന്
5. എല്ലാ ജീവനക്കാർക്കും
6. സി എ ടു സി.ഇ.ഒ/ ചെയർമാൻ
4. ഓഫീസ് കോപ്പി

# സത്യപ്രസ്താവന

**<u>അംഗത്വ അപേക്ഷയോടൊപ്പം ആധാർ സമർപ്പിക്കാൻ കഴിയാത്ത പ്രവാസി കേരളീയൻ (വിദേശം ) വിഭാഗത്തിലുള്ളവർ സമർപ്പിക്കേണ്ടുന്ന സത്യപ്രസ്താവന</u>**

അംഗത്വ അപേക്ഷ നമ്പർ ......................... പ്രകാരം കേരള പ്രവാസി കേരളീയ ക്ഷേമ നിധിയിൽ അംഗത്വം എടുക്കുന്നതിനു വേണ്ടി (പേര്) ........................................................................(തീയതി) ......................................... യിൽ സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട ആധാർ നിലവിൽ എനിക്കില്ലാത്തതിനാലും, വിദേശത്ത് നിന്ന് നാട്ടിലെത്തി ആയത് എടുക്കുന്നതിനുള്ള സാവകാശം ഇപ്പോൾ എനിക്ക് ഇല്ലാത്തതിനാലും, എന്റെ അംഗത്വ അപേക്ഷ ആധാർ ഇല്ലാതെ പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ച് സമർപ്പിക്കുന്നു. അപേക്ഷ തീയതി മുതൽ 6 മാസത്തിനകം എന്റെ ആധാർ ഞാൻ പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ ഹാജരാക്കിക്കൊള്ളാം എന്നും ഹാജരാകാത്ത പക്ഷം ബോർഡിൽ നിന്നും അനുവദിക്കുന്ന എല്ലാ ആനുകൂല്യങ്ങളും തടയുന്നതിനും ആയത് ഹാജരാക്കുന്ന മുറയ്ക്ക് മാത്രം എനിക്ക് ആനുകൂല്യം തുടർന്ന് അനുവദിച്ചു നൽകുന്നതിനും സമ്മതമാണെന്ന് ഇതിനാൽ ഞാൻ സത്യപ്രതിജ്ഞ ചെയ്യുന്നു.

അപേക്ഷകന്റെ പേര് :

മേൽവിലാസം :

ഫോൺ നമ്പർ :

ഒപ്പ് :

സ്ഥലം :

തീയതി :